**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2393 — 14.06.2019-ലെ മറുപടിയ്ക്ക്

**മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം ജില്ലാ സ്റ്റേഡിയം ആയി ഉയർത്തി നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) & (ബി) | ഉണ്ട്. പ്രസ്തുത ജില്ലാ സ്റ്റേഡിയത്തിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 32.55 കോടിരൂപയുടെ കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രധാന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>➢ ഇൻഡോർ സ്റ്റേഡിയം<br>➢ 8 ലെയിനുകളോടു കൂടിയ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്<br>➢ സ്വാഭാവിക പുൽത്തകിടിയോടു കൂടിയ ഫുട്ബോൾ കളിസ്ഥലം (105 x 68 മീറ്റർ)<br>➢ നീന്തൽക്കുളം (25 x12.5), ചെയ്ഞ്ച് റൂം സൗകര്യങ്ങൾ<br>➢ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ സൗകര്യം<br>➢ കടമുറികളോടു കൂടിയ പവലിയൻ കെട്ടിടം<br>➢ ടോയ്‌ലറ്റ് ബ്ലോക്ക്<br>സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും എന്തൊക്കെ സൗകര്യങ്ങളാണ് സ്റ്റേഡിയത്തിൽ ഒരുക്കുന്നതെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**